**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 184** **22-07-2021 - ൽ മറുപടിയ്ക്ക്**

**ധാതു പര്യവേഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. പി. ടി. എ. റഹീം,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എൻ.കെ. അക്ബർ | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മൈനിംഗ് & ജിയോളജി വകുപ്പിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടത്തിവന്ന ധാതു പര്യവേഷണത്തിന്റെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | മൈനിംഗ് & ജിയോളജി വകുപ്പിന്റെ നേതൃത്വത്തിൽ അലുമിനസ് ലാറ്ററൈറ്റ്, ചൈനാക്ലേ എന്നിവയുടെ പര്യവേഷണം കണ്ണൂർ ജില്ലയിൽ താഴേ പറയുന്ന പ്രദേശങ്ങളിൽ നടത്തിവരുന്നു. മടത്തറ ബ്ലോക്ക് തളിപ്പറമ്പ് താലൂക്കിലെ കുവേരി പാണപ്പുഴ വില്ലേജുകളിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 36 ഹെക്ടർ -ൽ 9 ബോർ ഹോളിൽ നിന്നായി 235.5 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഊരാടിപ്പാറ - കോയിപ്ര ബ്ലോക്ക് - I പയ്യന്നൂർ താലൂക്കിലെ വെള്ളോറ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 196 ഹെക്ടറിൽ 49 ബോർ ഹോളിൽ നിന്നായി 1409മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. കോയിപ്ര ബ്ലോക്ക് - II പയ്യന്നൂർ താലൂക്കിൽ വെള്ളോറ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 84 ഹെക്ടറിൽ 21 ബോർ ഹോളിൽ നിന്നായി 607 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഏഴുംവയൽ ബ്ലോക്ക് തളപ്പറമ്പ് താലൂക്കിലെ പാണപ്പുഴ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ളോക്ക് ഈ ബ്ലോക്കിൽ 76 ഹെക്ടറിൽ 19 ബോർ ഹോളിൽ നിന്നായി 517 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. കാരക്കുണ്ട് ബ്ലോക്ക് തളപ്പറമ്പ് താലൂക്കിലെ പാണപ്പുഴ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ളോക്ക്. ഈ ബ്ലോക്കിൽ 90 ഹെക്ടറിൽ 27 ബോർ ഹോളിൽ നിന്നായി 707.7 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. മാവിലംപ്പാറ പ്രദേശം തളിപ്പറമ്പ് താലൂക്കിലെ ചുഴലി വില്ലേജിൽ ഉൾപ്പെടുന്നതാണീ പ്രദേശം. ഈ പ്രദേശത്തിൽ അലുമിനസ് ലാറ്ററൈറ്റിന്റേയും ചൈനാക്ലേയുടേയും നിക്ഷേപം മനസിലാക്കുന്നതിനായി 5 ബോർ ഹോൾ എടുത്ത് പ്രാഥമിക സർവ്വേ നടത്തുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | പുറവട്ടം ബ്ലോക്ക് പയ്യന്നൂർ താലൂക്കിലെ പെരിങ്ങോം, വെള്ളോറ വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 60 ഹെക്ടറിൽ 15 ബോർ ഹോളിൽ നിന്നായി 371.5 മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഇവിടെ വർക്ക് പുരോഗമിച്ച് വരികയാണ്. ഇരുവള്ളൂർ ബ്ലോക്ക് തളിപ്പറമ്പ് താലൂക്കിലെ ചുഴലി വില്ലേജിൽ ഉൾപ്പെടുന്നതാണ് ഈ ബ്ലോക്ക്. ഈ ബ്ലോക്കിൽ 52 ഹെക്ടറിൽ 13 ബോർ ഹോളുകളിൽ നിന്നായി 377മീ. കോർ ഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഇവിടെ വർക്ക് പുരോഗമിച്ച് വരുകയാണ്. കുമ്പളം- കോട്ടപ്പുറം പ്രദേശം കൊല്ലം താലൂക്കിലെ പേരയം വില്ലേജിൽ ഉൾപ്പെടുന്ന ഈ ബ്ലോക്കിൽ 24 ഹെക്ടറിൽ 12 ബോർഹോളുകളിൽ നിന്നായി 540മീ കോർഡ്രില്ലിംഗ് നടത്തുകയുണ്ടായി. ഇവിടെ ലോഗ്രേഡ് ചൈനാക്ലേയുടെ ഘനം 15മീ ആണ്. ഏകദേശം 9.6 മില്യൺ ടൺ ലോഗ്രേഡ് ചൈനാക്ലേ ടി പ്രദേശത്തുള്ളതായി കണക്കാക്കിയിട്ടുണ്ട്. പ്രസ്തുത പര്യവേഷണങ്ങളുടെ അന്തിമ റിപ്പോർട്ട് തയ്യാറായിട്ടില്ല. |
| (ബി) | ഏതെല്ലാം ധാതു നിക്ഷേപങ്ങളെ സംബന്ധിച്ച പര്യവേഷണങ്ങളാണ് ഇപ്പോൾ പുരോഗമിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | അലൂമിനസ് ലാറ്ററൈറ്റ്/ ബോക്സൈറ്റ്, ചൈനാക്ലേ. |
| (സി) | സംസ്ഥാനത്തെ ധാതു നിക്ഷേപങ്ങളായ ചീന കളിമണ്ണ്, സിലിക്ക മണൽ, സ്വർണ്ണം, ലൈംഷെൽ, ബോക്സൈറ്റ്, ഇരുമ്പയിര്, ഡൈമൻഷൻ സ്റ്റോൺ, മണൽ എന്നിവയെക്കുറിച്ചുള്ള ഗവേഷണങ്ങളുടെ വിശദാംശം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (സി) | മുൻ കാലങ്ങളിൽ വകുപ്പ് സംസ്ഥാനത്ത് ലഭ്യമായ ധാതുനിക്ഷേപങ്ങളെ കുറിച്ച് സമഗ്രപഠനം നടത്തിയിട്ടുണ്ട്. എന്നാൽ സ്വർണ്ണം, ഇരുമ്പയിര് തുടങ്ങി പല നിക്ഷേപങ്ങളും പരിസ്ഥിതി ലോല പ്രദേശങ്ങളിൽ ആണ് ഉള്ളത് എന്നതിനാൽ ഖനന സാധ്യതയില്ല. വകുപ്പ് നടത്തിയിട്ടുള്ള ധാതു പര്യവേഷണങ്ങളുടെ രത്നച്ചുരുക്കം ചുവടെ ചേർക്കുന്നു:- ചീനക്കളിമൺ തിരുവനന്തപുരം ജില്ലയിലെ മേൽതോന്നയ്ക്കൽ, പള്ളിപ്പുറം, വെയ് ലൂർ, അണ്ടൂർകോണം, അഴൂർ വില്ലേജുകളിലും കൊല്ലം ജില്ലയിലെ കുണ്ടറ, മുളവന്ന, പള്ളിമൺ, വെളിച്ചകാല എന്നീ സ്ഥലങ്ങളിലും കണ്ണൂർ ജില്ലയിലെ പഴയങ്ങാടി, കണ്ണപുരം, രാമപുരം, ചെറുതാഴം, പട്ടുവം, മാടായി എന്നീ സ്ഥലങ്ങളിലും കാസർഗോഡ് ജില്ലയിലെ പുതുക്കായ്, കണ്ടുകോട്, എരിക്കുളം, നീലേശ്വരം, പാലായി, സീതാംഗോളി, മിയാപദവ് എന്നീ സ്ഥലങ്ങളിലും വകുപ്പ് പര്യവേഷണം നടത്തി ചീനക്കളിമൺ നിക്ഷേപം കണ്ടെത്തിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഏകദേശം 172 ദശലക്ഷം ടൺ ചീനക്കളിമൺ നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. സിലിക്കാമണൽ കേരളത്തിൽ ആലപ്പുഴ മുതൽ |

| | | | |
|---|---|---|---|
| | | | ചേർത്തലവരെയുള്ള തീരപ്രദേശത്ത് കാണപ്പെടുന്ന സിലിക്കാമണൽ നിക്ഷേപത്തിൽ ഖനന സാധ്യതയുള്ള ഏകദേശം 28 ദശലക്ഷം ടൺ ഇനിയും ലഭ്യമാണെന്ന് വകുപ്പ് 2002 - 2004 കാലയളവിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. സ്വർണ്ണം നിലമ്പൂരിലെ മരുതയിൽ നടത്തിയ പര്യവേഷണ ഫലമായി ടണ്ണിൽ 4 ഗ്രാം എന്ന തോതിൽ സ്വർണ്ണം അടങ്ങിയിട്ടുള്ള 0.55 ദശലക്ഷം ടൺ അയിര് ഉണ്ടെന്ന് തെളിയിച്ചിട്ടുണ്ട്. ലൈംഷെൽ ആലപ്പുഴ, എറണാകുളം, കോട്ടയം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വേമ്പനാട്ട് തടാകത്തിൽ ഏകദേശം 2.5 ദശലക്ഷം ടൺ കക്ക നിക്ഷേപവും, കണ്ണൂർ ജില്ലയിലെ പയ്യന്നൂർ, ചെറുവത്തൂർ, തൃക്കരിപ്പൂറ്റ എന്നീ സ്ഥലങ്ങളിലും തൃശ്ശൂർ ജില്ലയിലെ വാടാനപ്പള്ളി, ചേറ്റുവ, ഏങ്ങണ്ടിയൂർ, കാപ്പാട്, നട്ടുവിൽക്കര എന്നീ സ്ഥലങ്ങളിലുമായി 1.55 ദശലക്ഷം ടൺ ചുണ്ണാമ്പുകക്ക നിക്ഷേപവും കണ്ടെത്തിയിട്ടുണ്ട്. വേമ്പനാട് കായൽ റാംസർ സൈറ്റ് ആയതിനാൽ യന്ത്രങ്ങൾ ഉപയോഗിച്ചുള്ള ഖനനം സാധ്യമല്ല. ബോക് സൈറ്റ് കേരളത്തിൽ 12.5 ദശലക്ഷം ടൺ ബോക്സൈറ്റ് നിക്ഷേപം ഉള്ളതിൽ 10 ലക്ഷവും കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ്. ഇരുമ്പയിര് കോഴിക്കോട് ജില്ലയിലെ എലിയട്ടിമല, നടുവള്ളൂർ, നന്മിണ്ട. ചെറുപ്പ്, ആലമ്പാറ എന്നീ സ്ഥലങ്ങളിലും മലപ്പുറം ജില്ലയിലെ കോരട്ടിമല എന്നീ സ്ഥലത്തുമായി ഏകദേശം ആകെ 83 . 4 ദശലക്ഷം ടൺ ഇരുമ്പയിര് നിക്ഷേപം ഉള്ളതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | ഓട്-ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ കളിമണ്ണ്, സാധാരണ മണ്ണ് എന്നിവയുടെ നിക്ഷേപത്തെക്കുറിച്ചും പര്യവേഷണങ്ങളെക്കുറിച്ചുമുള്ള റിപ്പോർട്ട് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; ഇവയുടെ ലഭ്യത സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ? | (ഡി) | തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം ജില്ലകളിൽ കളിമണ്ണ് ലഭ്യതയുണ്ടെന്ന് കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ (KSREC) ശുപാർശ ചെയ്ത സ്ഥലങ്ങൾ വകുപ്പ് പഠന വിധേയമാക്കി കളിമണ്ണ് ലഭ്യത ഉറപ്പുള്ള സ്ഥലങ്ങളുടെ വിശദാംശങ്ങൾ KSREC-ന് കൈമാറിയിട്ടുണ്ട്. മേൽ പറഞ്ഞ 3 ജില്ലകളുടെയും കളിമണ്ണ് ലഭ്യത പ്രദേശങ്ങളുടെ പഠന റിപ്പോർട്ടിന്റെ പകർപ്പ് KSREC വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ